## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

'എന്നെ കിടത്തുന്നു' എന്ന വചനത്തെപ്പററി ധ്യാനിക്കാം. യഹോവ ഇടയനായിരിക്കുന്ന ആടുകൾ പച്ചപുൽപ്പുറങ്ങളിൽ മേയുന്ന അനുഭവം മാത്രമല്ല, അവിടെ കിടക്കുന്ന ചിത്രമാണ് ദാവീദ് ഇവിടെ വരച്ചു കാണിക്കുന്നത്. ഇത് വളരെ ശ്രദ്ധേയവും ഒരു ദൈവപൈതലിനെ അത്യധികം ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുന്നതുമായ വസ്തുതയാണ്. ഒരാട് കിടക്കണമെങ്കിൽ, അഞ്ച് കാര്യങ്ങൾ അത്യാവശ്യമാണ്. ഒന്ന്: ഭയത്തിൽ നിന്നും തികച്ചും വിമുക്തമായിരിക്കണം. ആടിന്റെ പ്രകൃതം അതാണ്. രണ്ട്: മററ് ആടുകളോ മൃഗങ്ങളോ അതിനെ ഉപദ്രവിക്കുമെന്ന ആശങ്ക അശേഷം ഇല്ലാതിരിക്കണം. മൂന്ന്: കൊതുക്, ഈച്ച തുടങ്ങിയ ക്ഷുദ്രജീവികളിൽ നിന്നും തികച്ചും വിമുക്തമായിരിക്കണം. നാല്: ഭക്ഷിച്ച് തൃപ്തിയായ അനുഭവം ഉണ്ടായിരിക്കണം. അഞ്ച്: കിടക്കുന്ന സ്ഥലം ഈർപ്പമില്ലാത്തതും മലിനപ്പെടാത്തതുമായിരിക്കണം.

കർത്താവ് തന്റെ ജനവുമായുള്ള ബന്ധത്തെപ്പററി ചിത്രീകരിക്കുമ്പോൾ, ഇടയനും ആടുമായുള്ള ബന്ധം എടുത്തിരിക്കുന്നത് തന്നെ ശ്രദ്ധേയമാണ്. കാരണം, ആടിന്റെ പ്രാകൃതം മറെറല്ലാം മൃഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ് എന്നതുതന്നെ. എല്ലാ മൃഗങ്ങളും കഴിയുന്ന രീതിയിൽ ആടുകൾ കഴിയുകയില്ല. മററു മൃഗങ്ങളെ സംരക്ഷിക്കുന്ന പ്രകാരം ആടുകളെ സംരക്ഷിക്കുവാൻ കഴിയുകയില്ല. ഒന്നാമതായി, എല്ലാവിധ ഭയങ്ങളിൽ നിന്നും വിമുക്തമായിരിക്കുമ്പോൾ മാത്രമേ ആടുകൾ കിടക്കുകയുള്ളു. ഭയത്തിൽ നിന്നും വിമുക്തമായിരിക്കുന്ന ഒരു വ്യക്തിയ്ക്കു മാത്രമേ യഥാർത്ഥ വിശ്രമം ലഭിക്കുകയുള്ളു. തികച്ചും അർത്ഥവത്തായ ഒരു അനുഭവമാണിത്.

ജോലി ചെയ്യാതിരിക്കുന്ന സമയം മുഴുവൻ വിശ്രമിക്കുകയാണന്നോ കിടക്കുമ്പോഴെല്ലാം വിശ്രമിക്കുകയാണന്നോ ആരെങ്കിലും ചിന്തിക്കുന്നുവെങ്കിൽ അത് ശരിയല്ല. അനേകരും മനോവ്യഥയോടും ഭയത്തോടും കൂടെയാണ് കിടക്കുന്നത്. അവർക്ക് സ്വസ്ഥതയോ സമാധാനമോ ലഭിക്കുന്നില്ല. അവരുടെ മനസ്സ് വല്ലാതെ വ്യാകുലപ്പെടുന്നു. അവരുടെ ഹൃദയം വേദനപ്പെട്ടുകൊണ്ടിരിക്കുന്നു. പലരും ഭയത്തിൽ നിന്നും സ്വതന്ത്രരല്ല. ബാഹ്യമായ ഭയത്തെപ്പററിയല്ല, ആന്തരികമായ ഭയത്തെപ്പററിയാണ് ഇവിടെ പ്രതിപാദിക്കുന്നത്. നാം ചുററുപാടുകളിലേക്ക് നോക്കികൊണ്ട്, നമ്മൾക്ക് എതിരായി ചിന്തിക്കുന്നു, പ്രവർത്തിക്കുന്നു. ഭയം നമ്മുടെ ഉള്ളിൽ വ്യാപിച്ചിരിക്കുന്നു.

തുടരും....